**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 108** **30-08-2022 - ൽ മറുപടിയ്ക്ക്**

**സ്കൂൾ വിദ്യാർത്ഥികൾക്ക് യൂണിഫോം കോഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ,<br>ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീമതി യു പ്രതിഭ ,<br>ശ്രീമതി ശാന്തകുമാരി കെ. | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സഹവിദ്യാഭ്യാസം നിഷേധിക്കുന്നത് ബാലാവകാശങ്ങളുടെയും ഭരണഘടന ഉറപ്പാക്കുന്ന ലിംഗ സമത്വത്തിന്റെയും ലംഘനമാണെന്ന് കണ്ട് അടുത്ത അദ്ധ്യയന വർഷം മുതൽ ആൺ, പെൺ സ്കൂളുകൾ നിർത്തലാക്കണമെന്ന ശിപാർശ സർക്കാരിന് ലഭിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (എ) | കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷന്റെ 21.07.2022 ലെ ശിപാർശ പ്രകാരം സംസ്ഥാനത്തെ ബോയ്സ്, ഗേൾസ് സ്കൂളുകൾ നിർത്തലാക്കണമെന്നും എല്ലാ സ്കൂളുകളിലും സഹവിദ്യാഭ്യാസം ഏർപ്പെടുത്തണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ മതിയായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാതെ അത്തരം നടപടികൾ സ്വീകരിക്കാൻ സാധിക്കുന്നതല്ല. സ്കൂൾ അദ്ധ്യാപക രക്ഷാകർത്തൃ സമിതി, തദ്ദേശ സ്വയംഭരണ സ്ഥാപനം എന്നിവയുടെ ശിപാർശയും, മതിയായ അടിസ്ഥാന സൗകര്യവും ഉണ്ടെങ്കിൽ മാത്രമേ സ്കൂളുകൾ മിക്സഡ് ആക്കി മാറ്റേണ്ടതുള്ളൂ എന്നാണ് സർക്കാർ നയം. ആയതിന്റെ അടിസ്ഥാനത്തിൽ ലഭ്യമാകുന്ന അപേക്ഷകൾ വെവ്വേറെ പരിശോധിച്ച് സർക്കാർ ഉത്തരവ് നൽകുന്ന രീതിയാണ് നിലവിൽ പാലിച്ചു വരുന്നത്. (പകർപ്പ് അനുബന്ധമായി ചേർക്കുന്നു). |
| (ബി) | സ്കൂൾ വിദ്യാർത്ഥികൾക്ക് യൂണിഫോം കോഡ് ഏർപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (ബി) | സ്കൂൾ വിദ്യാർത്ഥികൾക്ക് യൂണിഫോം കോഡ് ഏർപ്പെടുത്തുന്നതു സംബന്ധിച്ച് നയ തീരുമാനമൊന്നും കൈക്കൊണ്ടിട്ടില്ല. |
| (സി) | ചില സ്കൂളുകളിൽ അധികൃതർ സ്വമേധയാ ജെൻഡർ ന്യൂട്രൽ യൂണിഫോമുകൾ നടപ്പിലാക്കിവരുന്നത് സംബന്ധിച്ച് പ്രത്യേകമായ നിലപാട് സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (സി) | സ്കൂളുകളിൽ ജെൻഡർ ന്യൂട്രൽ യൂണിഫോമുകൾ അടിച്ചേൽപ്പിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നില്ല. ബന്ധപ്പെട്ട സ്കൂളുകളിലെ അദ്ധ്യാപകർ, PTA പ്രതിനിധികൾ, വിദ്യാർത്ഥി പ്രതിനിധികൾ എന്നിവർ സംയുക്തമായി കൂടിയാലോചിച്ച് ഉചിതമായ തീരുമാനമെടുക്കുകയാണ് വേണ്ടത്. അപ്രകാരം തീരുമാനമെടുത്ത് നടപ്പിലാക്കുന്ന-തിനോട് സർക്കാരിന് വിയോജിപ്പില്ല. |

സെക്ഷൻ ഓഫീസർ

6382942/2022/G.EDN

F3/143/2021

# KERALA STATE COMMISSION FOR PROTECTION OF CHILD RIGHTS

Vanross Junction, Kerala University P.O., Thiruvananthapuram – 695 034
Phone : 0471 – 2326603 E-mail : childrights.cpcr@kerala.gov.in
facebook.com/KeSCPCRKerala twitter.com/KeSCPCR_Kerala

No.5004/02/LA1/2021/KeSCPCR Date:21.07.2022

GENERAL EDUCATION DEPARTMENT SECRETARIAT 29 JUL 2022

From
The Registrar

To
1) The Principal Secretary
General Education Department
Government Secretariat
Thiruvananthapuram – 1

2) The Director of General Education
Office of the DGE
Jagathy, Thiruvananthapuram – 695 014

3) The Director
SCERT
Vidya Bhavan, Poojappura
Thiruvananthapuram – 695 012

Sir,

Sub:- KeSCPCR-Child Rights-Issues relating to Co-education - reg.

Attention is invited to the subject cited. The Copy of Order in **CRMP No.5004/02/LA1/2021/KeSCPCR** dated **21.07.2022** is forwarded herewith for necessary action and to furnish Action Taken Report within the time limit specified in the Order, since it is a statutory requirement under rule 45 of Kerala State Commission for Protection of Child Rights Rule, 2012.

Yours faithfully,

**P. V. Geetha**
Registrar

KERALA STATE COMMISSION FOR PROTECTION OF CHILD RIGHTS THIRUVANANTHAPURAM

Copy to:-
Dr. Isac Paul
Jaya Bhavan
Agasthyakkode, Anchal

K/21/07/22

# കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ
# തിരുവനന്തപുരം

**(ഹാജർ: ശ്രീ. റെനി ആന്റണി, മെമ്പർ)**

തീയതി: 21.07.2022

## സി.ആർ.എം.പി. നമ്പർ: 5004/02/LA1/2021/KeSCPCR

| | | |
|---|---|---|
| ഹർജികക്ഷി | : | ഡോ. ഐസക് പോൾ<br>ജയ ഭവൻ<br>അഗസ്ത്യക്കോട്<br>അഞ്ചൽ |
| എതിർകക്ഷികൾ | :1) | പ്രിൻസിപ്പൽ സെക്രട്ടറി<br>പൊതു വിദ്യാഭ്യാസ വകുപ്പ്<br>ഗവൺമെന്റ് സെക്രട്ടേറിയറ്റ്<br>തിരുവനന്തപുരം - 1 |
| | 2) | ഡയറക്ടർ ഓഫ് ജനറൽ എഡ്യൂക്കേഷൻ<br>ജനറൽ എഡ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റ്<br>ജഗതി, തിരുവനന്തപുരം - 695 014 |
| | 3) | ഡയറക്ടർ<br>എസ്.സി.ഇ.ആർ.ടി<br>സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ-<br>പരിശീലന സമിതി<br>വിദ്യാഭവൻ, പൂജപ്പുര<br>തിരുവനന്തപുരം - 695 012 |

### ഉത്തരവ്

1. കേരളത്തിലെ സർക്കാർ, സർക്കാർ എയ്ഡഡ് വിദ്യാലയങ്ങളിലെ കോ-എഡ്യൂക്കേഷനുമായി ബന്ധപ്പെട്ടതാണ് ഹർജി. ഹർജിയുടെ ചുരുക്കം താഴെ ചേർക്കുന്നു.

ഇന്ത്യയിലെ വിദ്യാഭ്യാസ കമ്മീഷനുകളുടെ മിക്ക റിപ്പോർട്ടുകളിലും സ്കൂൾ വിദ്യാഭ്യാസം കോ-എഡ്യൂക്കേഷൻ വഴി സാദ്ധ്യമായിത്തീർക്കണം എന്ന് എടുത്ത് പറഞ്ഞിട്ടുണ്ട്. കോ-എഡ്യൂക്കേഷൻ വഴി വളരുന്ന തലമുറ യുടെ ശാരീരിക-മാനസിക-സാമൂഹിക വളർച്ചയെ ശരിയായ രീതിയിൽ ക്രമീകരിക്കാൻ കഴിയുന്നു. അതോടൊപ്പം തന്നെ ലിംഗസമത്വം അതിന്റെ ശരിയായ രീതിയിൽ നടപ്പിലാക്കുന്നതിനും പരസ്പരം അംഗീകരിക്കുന്നതിനും ബഹുമാനിക്കുന്നതിനും നല്ല വ്യക്തിത്വം രൂപവൽക്കരിക്കുന്നതിനും ഇത് സഹായകരമാകുന്നു. രാജഭരണ കാലത്തും ബ്രിട്ടീഷ് ഭരണ കാലത്തും പെൺകുട്ടികൾക്ക് വിദ്യാഭ്യാസം നൽകുന്നതിനാണ് കേരളത്തിൽ ഗേൾസ് സ്കൂളുകൾ ആരംഭിച്ചത്. എന്നാൽ സാഹചര്യങ്ങൾ മാറിയിട്ടും സമഗ്ര വിദ്യാഭ്യാസ സൗകര്യങ്ങൾ എല്ലായിടത്തും സാധിതമായിട്ടും നമ്മുടെ സംസ്ഥാനത്ത് കോ-എഡ്യൂക്കേഷൻ പൂർണ്ണമായി നടപ്പിലാക്കാൻ കഴിഞ്ഞി ട്ടില്ല എന്നത് അത്യന്തം പ്രാധാന്യമർഹിക്കുന്ന വിഷയമാണ്. സംസ്ഥാന തലസ്ഥാനമായ തിരുവനന്തപുരം നഗരത്തിലെ സ്കൂളുകൾ തന്നെ ഉദാഹരണ മായിട്ട് പരിശോധിക്കാം.

- ഗവ. ഹയർ സെക്കണ്ടറി സ്കൂൾ പട്ടം - ഗേൾസ്
- ഗവ. ഹയർ സെക്കണ്ടറി സ്കൂൾ മണക്കാട് - ഗേൾസ്
- ഗവ. കോട്ടൺഹിൽ ഹയർ സെക്കണ്ടറി സ്കൂൾ - ഗേൾസ്
- ഗവ. ഹയർ സെക്കണ്ടറി സ്കൂൾ കരമന - ഗേൾസ്
- ഗവ. ഹയർ സെക്കണ്ടറി സ്കൂൾ പേരൂർക്കട - ഗേൾസ്
- ഗവ. ഹയർ സെക്കണ്ടറി സ്കൂൾ കരമന - ബോയ്സ്
- ഗവ. ഹയർ സെക്കണ്ടറി സ്കൂൾ ചാല - ബോയ്സ്
- എസ്.എം.വി. ഹയർ സെക്കണ്ടറി സ്കൂൾ - ബോയ്സ്
- ഗവ. മോഡൽ ഹയർ സെക്കണ്ടറി സ്കൂൾ തൈക്കാട് - ബോയ്സ്

ഇത്തരത്തിൽ തിരുവനന്തപുരം ജില്ലയിലും സംസ്ഥാനത്തെ മറ്റ് ജില്ല കളിലും ഇതുപോലെ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുമായി പ്രത്യേകം പ്രത്യേകം സ്കൂളുകൾ സർക്കാർ, സർക്കാർ എയ്ഡഡ് മേഖലയിൽ പ്രവർത്തിച്ചു വരുന്നു. ഇത്തരം സ്കൂളുകളിൽ ലിംഗനീതി നിഷേധിക്ക

പ്പെടുന്നു. ഇവിടങ്ങളിൽ കോ-എഡ്യൂക്കേഷൻ നിർബന്ധമാക്കണം. കേരളത്തിലെ പൊതു വിദ്യാലയങ്ങളിൽ മുഴുവനും കോ-എഡ്യൂക്കേഷൻ സാധ്യമായെങ്കിലേ ലിംഗസമത്വം ഉറപ്പുവരുത്താനും കുട്ടികളിൽ മാനസിക-വൈകാരിക-സാമൂഹിക ആരോഗ്യം വളർത്തിയെടുക്കാൻ കഴിയുകയുള്ളു. ആയതിനാൽ കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ കോ-എഡ്യൂക്കേഷൻ നിർബന്ധമാക്കുന്നതിന് ബാലാവകാശ സംരക്ഷണ കമ്മീഷൻ ഇടപെടണമെന്നാണ് പ്രസ്തുത പൊതുതാൽപര്യ ഹർജിയിലൂടെ ആവശ്യപ്പെട്ടിട്ടുള്ളത്.

2. ഹർജിയിലുന്നയിച്ചിട്ടുള്ള വിഷയത്തിന്റെ പ്രസക്തിയും പ്രാധാന്യവും ബോധ്യപ്പെട്ട കമ്മീഷൻ ഹർജി ഫയലിൽ സ്വീകരിക്കുകയും എതിർകക്ഷികൾക്ക് നോട്ടീസ് അയയ്ക്കുകയുമുണ്ടായി.

3. ഒന്നാം എതിർകക്ഷിയായ പൊതുവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമർപ്പിച്ച റിപ്പോർട്ടിൽ സംസ്ഥാനത്തെ ചുരുക്കം ചില വിദ്യാലയങ്ങൾ ഒഴികെ മറ്റെല്ലാ വിദ്യാലയങ്ങളിലും കോ-എഡ്യൂക്കേഷൻ തന്നെയാണ് പ്രാവർത്തികമാക്കുന്നതെന്നും, കോ-എഡ്യൂക്കേഷൻ നടപ്പാക്കുന്നതിന് മുമ്പ് സ്കൂളുകളുടെ അടിസ്ഥാന സൗകര്യം പരിശോധിക്കേണ്ടതുണ്ടെന്നും ഓരോ സ്കൂളിന്റെയും സാഹചര്യവും സമീപ സ്കൂളുകളുടെ സ്ഥിതിയും അധ്യാപക-രക്ഷാകർത്തൃ സമിതിയുടെ അഭിപ്രായവും പരിഗണിച്ച ശേഷം മാത്രമേ കോ-എഡ്യൂക്കേഷൻ നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ എന്നും ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

4. രണ്ടാം എതിർകക്ഷിയായ പൊതുവിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിൽ സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിൽ സഹവിദ്യാഭ്യാസം/ ആൺകുട്ടികൾ പെൺകുട്ടികൾ എന്ന് വേർതിരിക്കാതെ ലിംഗസമത്വം നടപ്പാക്കുന്നത് സംബന്ധിച്ച അഭിപ്രായം എസ്.സി.ഇ.ആർ.ടി. യുമായി ബന്ധപ്പെട്ടതായതിനാൽ, നോട്ടീസിൻമേലുള്ള റിപ്പോർട്ട് എസ്.സി.ഇ.ആർ.ടി. കമ്മീഷന് സമർപ്പിക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

5. മൂന്നാം എതിർകക്ഷിയായ എസ്.സി.ഇ.ആർ.ടി. ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിൽ കുട്ടികളിൽ ലിംഗസമത്വം ഉറപ്പാക്കുന്നതിനും പരസ്പര ബഹുമാനവും അംഗീകാരവും വളർത്തുന്നതിനും കോ-എഡ്യൂക്കേഷൻ അഥവാ

സഹവിദ്യാഭ്യാസം സഹായിക്കുന്നുവെന്നും പൊതുവിദ്യാഭ്യാസം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി നിലവിൽ വന്ന വിവിധ കമ്മീഷനുകളും ദേശീയ നയങ്ങളും സഹവിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കണമെന്ന നിർദ്ദേശങ്ങളാണ് മുന്നോട്ട് വച്ചിട്ടുള്ളതെന്നും കേരളത്തിൽ വളരെ കുറച്ച് സ്കൂളുകളിൽ ഒഴികെ മറ്റുള്ളവ സഹവിദ്യാഭ്യാസം സാധ്യമാക്കുന്നവയാണെന്നും ആയതിനാൽ സഹവിദ്യാഭ്യാസം പ്രോൽസാഹിപ്പിക്കേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്.

6. മേൽ ഖണ്ഡികകളിൽ നിന്നും സഹവിദ്യാഭ്യാസമാണ് സർക്കാരിന്റെ നയമെന്ന് വ്യക്തമാകുന്നു. ഇന്ത്യൻ ഭരണഘടന അനുശാസിക്കുന്ന സമത്വവും ലിംഗനീതിയും വിവേചനരാഹിത്യവും ഉറപ്പുവരുത്തുന്ന വിദ്യാഭ്യാസ സങ്കൽപമാണ് സഹവിദ്യാഭ്യാസം. ഇന്ത്യയിൽ വിവിധ കാലങ്ങളിൽ പുറത്തുവന്ന വിവിധ വിദ്യാഭ്യാസ കമ്മീഷൻ റിപ്പോർട്ടുകളും ലോകത്താകമാനം ഈ മേഖലയുമായി ബന്ധപ്പെട്ട് നടന്ന ഗവേഷണ റിപ്പോർട്ടുകളും കേരള വിദ്യാഭ്യാസ നിയമവും വിവിധ കമ്മീഷൻ റിപ്പോർട്ടുകളും സഹവിദ്യാഭ്യാസത്തിന്റെ ആവശ്യകതയും പ്രസക്തിയും പ്രാധാന്യവും എടുത്ത് പറഞ്ഞിട്ടുണ്ട്. എന്നിട്ടും കേരളം പോലെ വിദ്യാഭ്യാസത്തിന് ഏറെ പ്രാധാന്യം നൽകുന്ന ഒരു സംസ്ഥാനത്ത്, ഇപ്പോഴും, ഹർജിയിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള പോലെയുള്ള ആൺപള്ളിക്കൂടങ്ങൾ പെൺപള്ളിക്കൂടങ്ങൾ എന്ന വേർതിരിവ് നിലനിൽക്കുന്നു എന്നത് ഈ കമ്മീഷൻ അതീവ ഗൗരവത്തോടെ നോക്കിക്കാണുന്നു.

7. ഈ വിഷയത്തെ സംബന്ധിച്ച് വിവിധ വിദ്യാഭ്യാസ കമ്മീഷൻ റിപ്പോർട്ടുകളും, നിരവധി ഗ്രന്ഥങ്ങളും, ഗവേഷണ റിപ്പോർട്ടുകളും ഈ കമ്മീഷൻ വിശദമായ പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി. അവയിൽ ഏറ്റവും പ്രസക്തമായവ മാത്രം താഴെ നാല് ഖണ്ഡികകളിലായി ഉദ്ധരിച്ച് ചേർക്കുന്നു.

8. പ്രാചീന ഗ്രീക്ക് ദാർശികനായ പ്ലേറ്റോ പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിന് വലിയ പ്രാധാന്യം നൽകിയിരുന്നു. ആൺകുട്ടികളേയും പെൺകുട്ടികളേയും യാതൊരു വിവേചനവും കൂടാതെ ഒന്നിച്ചിരുത്തി വിദ്യ അഭ്യസിപ്പിക്കണമെന്ന് പ്ലേറ്റോ നിഷ്കർഷിച്ചിരിക്കുന്നു. സഹവിദ്യാഭ്യാസത്തിലൂടെ പരസ്പര സൗഹൃദവും ബഹുമാനവും ആത്മാഭിമാനവും വളർത്തിയെടുത്ത് ആൺകുട്ടികളേയും പെൺകുട്ടികളേയും ഉത്തമ പൗരന്മാരാക്കി മാറ്റുകയാണ് വിദ്യാഭ്യാസത്തിന്റെ

ലക്ഷ്യമെന്നും അദ്ദേഹം തന്റെ വിദ്യാഭ്യാസ ദർശനത്തിൽ അടിവരയിട്ട് പറയുന്നുണ്ട്. പുരാതന ഗ്രീസിലെ സ്പാർട്ടയിൽ നടപ്പിലാക്കിയിരുന്ന സഹവിദ്യാഭ്യാസം ഈ സന്ദർഭത്തിൽ പരിശോധിക്കേണ്ടതുണ്ട്. അവിടെ ആൺകുട്ടികളും പെൺകുട്ടികളും ഒരുമിച്ച് പഠിക്കുകയും കളിക്കുകയും ചെയ്തിരുന്നു. യുദ്ധമുറകൾ, കുതിര സവാരി, അമ്പെയ്ത്ത് തുടങ്ങിയവ ആൺകുട്ടികളേയും പെൺകുട്ടികളേയും ഒരുമിച്ചിരുത്തിയാണ് അഭ്യസിപ്പിച്ചിരുന്നത്. അതുകൊണ്ടാണ് സ്പാർട്ടയിലെ സ്ത്രീകൾ പുരുഷന് തുല്യമായ നിലയിൽ ജീവിച്ചതെന്നും ഒരു മേഖലയിലും സ്ത്രീകൾ പുരുഷന്മാരേക്കാൾ താഴ്ന്നവരായിരുന്നില്ലെന്നും പ്ലേറ്റോ ചൂണ്ടിക്കാണിക്കുന്നുണ്ട്.

9. 1989-ൽ ഐക്യരാഷ്ട്രസഭ അംഗീകരിച്ച കുട്ടികളുടെ സാർവ്വലൗകിക അവകാശ ഉടമ്പടിയിലെ ആർട്ടിക്കിൾ 29 ചുവടെ ചേർക്കുന്നു.

Article 29

1. State Parties agree that the education of the child shall be directed to:
   (a) The development of the child's personality, talents and mental and physical abilities to their fullest potential;
   (b) The development of respect for human rights and fundamental freedoms, and for the principles enshrined in the Charter of the United Nations;
   (c) The development of respect for the child's parents, his or her own cultural identity, language and values, for the national values of the country in which the child is living, the country from which he or she may originate, and for civilizations different form his or her own;
   (d) The preparation of the child for responsible life in a free society, in the spirit of understanding, peace, tolerance, equality of sexes, and friendship among all peoples, ethnic, national and religious groups and persons of indigenous origin;
   (e) The development of respect for the natural environment.

10. കേരള ശാസ്ത്ര സാഹിത്യ പരിഷത്ത് പ്രസിദ്ധീകരിച്ച 'വിദ്യാഭ്യാസ പരിവർത്തനത്തിന് ഒരാമുഖം' എന്ന പുസ്തകം ഈയവസരത്തിൽ കമ്മീഷൻ പരിശോധിക്കുന്നു. പ്രസ്തുത ഗ്രന്ഥത്തിലെ 'വിദ്യാഭ്യാസവും ലിംഗപദവിയും' എന്ന ഭാഗം ഇവിടെ ഉദ്ധരിച്ച് ചേർക്കുന്നു.

പ്രൈമറി സ്കൂളുകളിൽ അനുവദിക്കുന്ന സ്വാതന്ത്ര്യം പോലും സെക്കണ്ടറി സ്കൂളുകളിൽ ഇല്ലാതാവുകയാണ്. സെക്കണ്ടറിതലത്തിൽ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ശാസ്ത്രീയമായ കൗമാര വിദ്യാഭ്യാസം നൽകുന്നില്ല. പെരുമാറ്റച്ചട്ടങ്ങളിലും ക്ലാസ്റൂം പ്രവർത്തനങ്ങളിലും ക്യാമ്പസ് സംസ്കാരത്തിലും പ്രത്യക്ഷപ്പെടുന്ന ലിംഗപരമായ വിവേചനം ഔപചാരിക ലൈംഗിക വിദ്യാഭ്യാസത്തെ അപ്രസക്തമാക്കുന്നു. ലൈംഗികതയെ സംബന്ധിച്ച മിത്തുകളും സാംസ്കാരികമായ വിലക്കുകളുമാണ് കുട്ടികളെ സ്വാധീനിക്കുന്നത്. അവയെ മറികടക്കാൻ കുട്ടികൾ ഉപയോഗിക്കുന്ന തന്ത്രങ്ങൾ പുരുഷമേധാവിത്ത സംസ്കാരത്തിലേക്കും ലൈംഗികമായ രഹസ്യ ജീവിതത്തിലേക്കുമാണ് നയിക്കുന്നത്. ഇത് തുല്യതയിലും സഹവർത്തിത്വത്തിലും അധിഷ്ഠിതമായ സ്ത്രീപുരുഷ ബന്ധങ്ങളിലേക്കു നയിക്കുന്നതിനു പകരം ലിംഗഭേദത്തെ കൂടുതൽ ശക്തിപ്പെടുത്തുക മാത്രമാണ് ചെയ്യുന്നത്. സാമൂഹ്യമായ പുരുഷാധിപത്യ പ്രവണത പുതിയ തലമുറയും ഉൾക്കൊള്ളുന്നു.

മേൽപറഞ്ഞ വിധത്തിലുള്ള ഭിന്നതകൾ അവസാനിപ്പിക്കണമെങ്കിൽ വിദ്യാഭ്യാസ രംഗത്ത് ലിംഗപദവിപരമായ മാറ്റങ്ങൾ വരുത്തേണ്ടതുണ്ട്. അതിൽ പ്രധാനപ്പെട്ട ഘടകങ്ങൾ താഴെ പറയുന്നവയാണ്.

a) ലിംഗസമത്വം ഉറപ്പു വരുത്തുന്ന പാഠപുസ്തകങ്ങൾ
b) ലിംഗപദവിയെ സംബന്ധിച്ച് പ്രീ സർവീസ് ട്രെയിനിംഗിലും ഇൻസർവീസ് ട്രെയിനിംഗിലും അധ്യാപകർക്കു ലഭിക്കുന്ന പരിശീലനം പ്രായോഗികമായി ഉപയോഗിക്കുന്നു എന്നുറപ്പു വരുത്തുന്ന മോണിറ്ററിംഗ് സംവിധാനം
c) ലിംഗസമത്വം ഉറപ്പുവരുത്തുന്ന വിദ്യാലയാന്തരീക്ഷം. ഉദാഹരണത്തിന് കുട്ടികളെ ഇടകലർത്തി ഇരുത്തുക, കുട്ടികൾ ഒന്നിച്ചു പങ്കെടുക്കുന്ന കളികൾ ആവിഷ്കരിക്കുക, ഗ്രൂപ്പു തിരിക്കുമ്പോൾ കൂട്ടായ പഠന പ്രവർത്തനങ്ങൾ ആവിഷ്കരിക്കുക, കൂട്ടായ പാഠ്യേതര പ്രവർത്തനങ്ങളും കലാപരിപാടികളും നടത്തുക, പെൺകുട്ടികൾക്കും, ആൺകുട്ടികൾക്കും പ്രത്യേക ബെൽ, അസംബ്ലിയിൽ പ്രത്യേക വരി മുതലായവ ഒഴിവാക്കുക, കലാമത്സരങ്ങൾ ഒരുമിച്ച് നടത്തുക, നൃത്തം നാടകം മുതലായവ ഒരുമിച്ചു നടത്തുക - ഇത്തരത്തിൽ നിരവധി പ്രവർത്തനങ്ങൾ ആലോചിക്കാം.
d) ഇത്തരം പ്രവർത്തനങ്ങൾ സെക്കണ്ടറി-ഉന്നത വിദ്യാഭ്യാസതലങ്ങളിലും ആവർത്തിക്കാം. ലൈംഗികതയെ കുറിച്ചുള്ള കൂട്ടയ ചർച്ചകൾ, ഗൈഡൻസ് പ്രവർത്തനങ്ങൾ മുതലായവയും ഉപയോഗിക്കാം
e) വിദ്യാലയങ്ങളിലെ പെരുമാറ്റച്ചട്ടങ്ങളിൽ ലിംഗവിവേചനപരമായ ചട്ടങ്ങൾ പൂർണ്ണമായി ഒഴിവാക്കണം. പെൺകുട്ടികൾക്ക് ആൺകുട്ടികളോടൊപ്പം ആവിഷ്കാര സ്വാതന്ത്ര്യം നൽകുക, ഉടുപ്പിലും നടപ്പിലും തുല്യത കൈവരുത്തുക, പ്രവർത്തനങ്ങളിൽ തുല്യത ഉറപ്പു വരുത്തുക, സർഗാത്മകമായ കഴിവുകളിൽ ഒരേപോലെ പ്രോത്സാഹനം നൽകുക മുതലായവയുമാകാം. കൂട്ടായ്മാബോധത്തിലൂടെ പരസ്പര സഹവർത്തിത്വവും സുരക്ഷയും ഉറപ്പുവരുത്തുകയും ചെയ്യാം.

11. കേരള സംസ്ഥാന സർക്കാർ പ്രസിദ്ധീകരിച്ച 'മികവിനായുള്ള സ്കൂൾ വിദ്യാഭ്യാസം - വിദഗ്ദ സമിതി റിപ്പോർട്ട്' (2019) ഭാഗം-1 ലെ അദ്ധ്യായം - 4.19, 4.32 ചുവടെ ചേർക്കുന്നു.

4.19. പെൺകുട്ടികൾ, വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്നവർ, അധസ്ഥിതർ എന്നിവരുടെ വിദ്യാഭ്യാസത്തിന് ബോധപൂർവമയ ശ്രമങ്ങൾ നാട്ടിൽ നടന്നു. സർക്കാരും ഈ ശ്രമങ്ങളിൽ നിർണ്ണായകമായ പങ്കാളിത്തം വഹിച്ചു. 20-ാം നൂറ്റാണ്ടിന്റെ ആദ്യഘട്ടം മുതൽ തന്നെ ഈ ദിശയിലുള്ള സംരംഭങ്ങൾ സർക്കാർ നടത്തിയതായി കാണാം. സ്വകാര്യ ഏജൻസികൾ പെൺകുട്ടികൾക്കായി വിദ്യാഭ്യാസത്തിനായി വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങാൻ ഉത്സാഹം കാട്ടാതിരുന്നപ്പോൾ സർക്കാർ തന്നെ അവർക്കു മാതൃഭാഷാ വിദ്യാലയങ്ങൾ ആരംഭിക്കുകയുണ്ടായി. 20-ാം നൂറ്റാണ്ടിന്റെ ആദ്യഘട്ടത്തിൽ ആൺകുട്ടികളും പെൺകുട്ടികളും ഒരുമിച്ചു പഠിക്കുന്ന വിദ്യാലയങ്ങളെക്കുറിച്ച് ചിന്തിക്കാൻ സമൂഹത്തിന് കഴിഞ്ഞിരുന്നില്ല. പെൺകുട്ടികളെ ആകർഷിക്കാൻ വനിതാ അധ്യാപകരെ നിയോഗിച്ചു. സാമൂഹികമായ ഈ ഇടപെടൽ വിദ്യാഭ്യാസ രംഗത്തേക്ക് കുട്ടികളെ ആകർഷിക്കാൻ ഏറെ സഹായകമായി. എന്നാൽ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും വെവ്വേറെ സ്കൂളുകൾ എന്നത് കാലഹരണപ്പെട്ട കാഴ്ചപ്പാടാണെന്നും ലിംഗനീതിയും ലിംഗ തുല്യതയും സമഭാവനയും ഉളവാകണമെങ്കിൽ ഒരു വിദ്യാലയത്തിൽ ഒരുമിച്ച് പഠിക്കുന്നതാണ് ഉചിതം എന്നുള്ള ചിന്താധാരയ്ക്ക് മേൽക്കൈ ലഭിക്കുകയുണ്ടായി. ആൺ-പെൺകുട്ടികൾക്കായി പ്രത്യേക വിദ്യാലയങ്ങൾ എന്നത് ശാസ്ത്രീയമായും സാമൂഹികമായും ശരിയല്ല എന്ന സംവാദം കേരളത്തിൽ ഉയർന്നുവന്നു. ഇതിന്റെ ഫലമായി പെൺകുട്ടികൾക്കായി പ്രത്യേക വിദ്യാലയം എന്ന സമൂഹത്തിന്റെ ധാരണ ക്രമേണ മാറുകയും 1993-ഓടെ പെൺകുട്ടികൾ പഠിക്കുന്ന വിദ്യാലയങ്ങളിൽ ബഹുഭൂരിപക്ഷം പ്രൈമറി വിദ്യാലയങ്ങളും മിക്സഡ് വിദ്യാലയങ്ങളാവുകയും ചെയ്തു.

4.32 സംസ്ഥാന സർക്കാർ പൊതുവെ ആൺകുട്ടികളും പെൺകുട്ടികളും ഒരുമിച്ചു പഠിക്കുന്ന വിദ്യാലയങ്ങളെയാണ് പ്രോത്സാഹിപ്പിക്കുന്നത്. എങ്കിലും ഇപ്പോഴും സംസ്ഥാനത്ത് പെൺസ്കൂളുകളും ആൺസ്കൂളുകളും നിലനിൽക്കുന്നുണ്ട്. പട്ടിക 14 ഇതിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുന്നു.

പട്ടിക 14: പെൺ-ആൺ സ്കൂളുകൾ 2014-15

| സ്കൂളുകൾ | സർക്കാർ | എയ്ഡഡ് | അൺ എയ്ഡഡ് | ആകെ |
|---|---|---|---|---|
| പെൺസ്കൂളുകൾ: | 83 | 184 | 13 | 280 |
| ആൺസ്കൂളുകൾ: | 68 | 90 | 6 | 164 |

അവലംബം: ഡി.പി.ഐ. സ്റ്റാറ്റിസ്റ്റിക്സ്

12. മേലുദ്ധരിച്ചവയടക്കം ലോകത്താകമാനം നടന്നിട്ടുള്ള വിദ്യാഭ്യാസ ഗവേഷണങ്ങളെല്ലാം തന്നെ സഹവിദ്യാഭ്യാസത്തിന്റെ മേന്മകൾ എടുത്തു പറയുന്നുണ്ട്. വികസിത രാജ്യങ്ങളിലെല്ലാം സഹവിദ്യാഭ്യാസമാണ് പിന്തുടർന്നു വരുന്നത്. ആധുനിക വിദ്യാഭ്യാസ ദർശനങ്ങളും മന:ശാസ്ത്ര സിദ്ധാന്തങ്ങളും സഹ വിദ്യാഭ്യാസത്തിന്റെ മേന്മകൾ എടുത്തു പറയുന്നുണ്ട്. സ്ത്രീയും പുരുഷനും ഒരുമിച്ച് ജീവിക്കേണ്ടവരാണ്. അതുകൊണ്ട്തന്നെ വളരെ ചെറുപ്പം മുതലേ പരസ്പരം മനസ്സിലാക്കുന്നതിനും എതിർലിംഗത്തിലുള്ളവരുടെ കൂട്ടത്തിൽ ലജ്ജയില്ലാതെയും ആത്മവിശ്വാസത്തോടെയും പ്രവർത്തിക്കുന്നതിനും ആരോഗ്യകരമായ മത്സരബുദ്ധിയിലൂടെ നന്നായി പഠിക്കുന്നതിനും പരസ്പര ബഹുമാനത്തോടെ പെരുമാറുന്നതിനും മികച്ച വ്യക്തിത്വം രൂപപ്പെടുത്തിയെടുക്കുന്നതിനും സഹവിദ്യാഭ്യാസത്തിലൂടെ കഴിയുമെന്നത് നിസ്തർക്കം തെളിഞ്ഞിട്ടുള്ളതാണ്.

13. സമഭാവനയെക്കുറിച്ചും തുല്യതയെക്കുറിച്ചും ഏറെ വാചാലമാകുന്ന നമ്മുടെ സമൂഹത്തിന് ലിംഗാവബോധത്തിന്റെ (Gender Consciousness) കാര്യത്തിൽ യാഥാർത്ഥ്യ ബോധമില്ല എന്നത് സമകാലീന സംഭവ വികാസങ്ങൾ തെളിയിച്ചു കൊണ്ടേയിരിക്കുന്നു. പെൺകുട്ടികൾക്കും സ്ത്രീകൾക്കുമെതിരെയുള്ള അതിക്രമങ്ങളും സൈബറിടങ്ങളിലെ അധിക്ഷേപങ്ങളുമെല്ലാം രോഗാതുരമായ ഒരു മാനസികാവസ്ഥയുടെ ഉൽപന്നങ്ങളാണ്. ആരോഗ്യകരമായ സ്ത്രീ-പുരുഷ ബന്ധത്തേക്കുറിച്ചും തുല്യതയെക്കുറിച്ചും ലിംഗസമത്വത്തെക്കുറിച്ചും ശരിയായ കാഴ്ചപ്പാട് സ്കൂൾതലത്തിൽ തന്നെ കുട്ടികൾക്കുണ്ടാകേണ്ടത് ഈ കാലഘട്ടത്തിന്റെ ആവശ്യകതയും അനിവാര്യതയുമാണ്. പരസ്പര ബഹുമാനം, തുല്യത, സഖാത്വം തുടങ്ങിയവയിലധിഷ്ഠിതമായ ഒരു സമൂഹ സൃഷ്ടിയ്ക്കുതകുന്നതാകണം നമ്മുടെ വിദ്യാലയാന്തരീക്ഷം. ഇന്ന് സമൂഹത്തിൽ അപകടകരമാംവിധം നിലനിൽക്കുന്ന സ്ത്രീവിരുദ്ധതയ്ക്കും സദാചാര പോലീസിങ്ങിനും സ്ത്രീകളുടെ സ്വാതന്ത്ര്യ സീമകളെക്കുറിച്ചുള്ള വികലമായ ബോധ്യങ്ങൾക്കും ഇടനൽകുന്ന മനോഭാവങ്ങളെ തുടച്ചു കളയേണ്ടത് ഒരു പരിഷ്കൃത സമൂഹത്തിന്റെ ഉത്തരവാദിത്വമാണ്. ഇതിന് തടസ്സം നിൽക്കുന്ന ഒട്ടേറെ ഘടകങ്ങൾ നിലവിൽ നമ്മുടെ പഠന പരിസരത്തുണ്ട്. അത് സ്കൂൾ ക്യാമ്പസാവാം, ക്ലാസ് മുറികളാവാം അധ്യപകരുടെ മനോഭാവമാകാം, പാഠപുസ്തകങ്ങളോ പഠനബോധനരീതികളോ പഠനപ്രക്രിയയോ

ആവാം, പഠനപരിസരത്തെ കളിയിടങ്ങളടക്കമുള്ള പൊതുഇടങ്ങൾ പെൺകുട്ടികൾക്ക് നിഷേധിച്ചു കൊണ്ടാവാം, കുടുംബത്തിലും സമൂഹത്തിലുമുള്ള പുരുഷാധിപത്യമനോഭാവം കൂടുതൽ ശക്തമായി സ്കൂളെന്ന സാമൂഹിക സ്ഥാപനത്തിലേക്ക് സന്നിവേശിക്കുന്നതു കൊണ്ടാകാം. ആയതിനാൽ ഈ കാര്യത്തിൽ സർക്കാരും വിദ്യാഭ്യാസ വകുപ്പും ആഴത്തിലുള്ള പഠനങ്ങൾ നടത്തണമെന്നും പഠന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതും അനിവാര്യമാണെന്ന് കമ്മീഷൻ വിലയിരുത്തുന്നു.

14. ലോകം മുഴുവൻ പ്രചുര പ്രചാരം നേടിയ കേരള വികസനാനുഭവങ്ങളിൽ ഏറ്റവും പ്രമുഖമായത് വിദ്യാഭ്യാസ രംഗത്തെ നേട്ടങ്ങളാണ്. ധനിക-ദരിദ്ര വ്യത്യാസമില്ലാതെ, ജാതി-മത ഭിന്നതകൾ മറന്നുകൊണ്ട്, ലിംഗഭേദമില്ലാതെ ഏവർക്കും സ്കൂൾ വിദ്യാഭ്യാസ പ്രാപ്യത ഉറപ്പാക്കാൻ കേരളീയ സമൂഹത്തിന് കഴിഞ്ഞു. പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിനായി കേരളം സ്വീകരിച്ച നിലപാടുകൾ ചരിത്രത്തിലെ സുവർണ്ണരേഖകൾ തന്നെയാണ്. വിദ്യാഭ്യാസം സാർവ്വത്രികമാക്കുന്നതിൽ കേരളം കൈവരിച്ച അനന്യമായ നേട്ടങ്ങൾ നമ്മുടെ മുന്നിലുണ്ട്. കേരളത്തിന്റെ വിദ്യാഭ്യാസ ചരിത്രം പരിശോധിച്ചാൽ, പെൺകുട്ടികളുടെ സ്കൂൾ പ്രവേശനം വർദ്ധിപ്പിക്കാനായി അന്നത്തെ സാമൂഹിക സാഹചര്യത്തിൽ സ്ഥാപിക്കപ്പെട്ടതാണ് പെൺകുട്ടികൾക്കായി മാത്രമുള്ള സ്കൂളുകൾ എന്നാൽ പിൽക്കാലത്ത് ഇത്തരം സ്കൂളുകളെല്ലാം മിക്സഡ് സ്കൂളുകളായി പരിവർത്തനം ചെയ്യപ്പെടുകയുണ്ടായി. എന്നാൽ ഹർജിയിൽ ചൂണ്ടിക്കാണിച്ചിട്ടുള്ളതു പോലെ സംസ്ഥാനത്ത് ചിലയിടങ്ങളിൽ ആൺകുട്ടികൾക്കായും പെൺകുട്ടികൾക്കായും പ്രത്യേകം സ്കൂളുകൾ ഇപ്പോഴും പ്രവർത്തിച്ചു വരുന്നു എന്നത് കൗതുകകരമാണ്. ആൺകുട്ടികളേയും പെൺകുട്ടികളേയും വെവ്വേറെ സ്കൂളുകളിൽ പഠിപ്പിക്കേണ്ട സാമൂഹിക സാഹചര്യം ഇന്ന് നിലനിൽക്കുന്നില്ല എന്നു മാത്രമല്ല ആധുനിക വിദ്യാഭ്യാസ മനഃശാസ്ത്ര സിദ്ധാന്തങ്ങളുടെ നേർക്ക് കണ്ണടച്ചു കൊണ്ടുള്ള ഒരു തിരിഞ്ഞു നടപ്പായി മാത്രമേ ഇത്തരം സ്കൂളുകളുടെ പ്രവർത്തന രീതിയെ കാണാൻ കഴിയുകയുള്ളു. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം സ്കൂളുകൾ പ്രവർത്തിക്കുന്നതിന് പിന്നിൽ ഒരു നീതീകരണവുമില്ല. ആയതിനാൽ കേരളത്തിലെ മുഴുവൻ സ്കൂളുകളിലും സഹപഠനത്തിന് (Co-Education) സാഹചര്യം ഉണ്ടാക്കേണ്ടതാണ്. വളരെ കുറച്ചെങ്കിലും സ്കൂളു

കൾ പിന്തുടരുന്ന ഈ അശാസ്ത്രീയ രീതി നിർത്തലാക്കാൻ സർക്കാർ ഇനിയും അമാന്തിക്കരുത് എന്നാണ് കമ്മീഷന്റെ സുനിശ്ചിതമായ അഭിപ്രായം.

15. സംസ്ഥാനത്ത് വളരെ പ്രശസ്തമായ നിലയിൽ പ്രവർത്തിക്കുന്ന ചില ഗേൾസ് സ്കൂളുകളിൽ സഹവിദ്യാഭ്യാസം നടപ്പിലാക്കുന്നതിന് രക്ഷിതാക്കൾക്ക് കൃത്യമായ ബോധവൽക്കരണം നൽകേണ്ടതുണ്ടെന്നും കമ്മീഷൻ മനസ്സിലാക്കുന്നു. ആൺകുട്ടികൾക്ക് പ്രവേശനം നൽകുന്നത് മൂലം സ്കൂളിന്റെ അച്ചടക്കം മോശമാകുമെന്നും പെൺകുട്ടികളുടെ സ്വാതന്ത്ര്യം നഷ്ടപ്പെടുമെന്നും മറ്റും ധരിച്ചു വശായിരിക്കുന്ന മാതാപിതാക്കളെ ശാസ്ത്രീയമായി കാര്യങ്ങൾ ബോദ്ധ്യപ്പെടുത്താൻ സ്കൂൾ അധികൃതരും പി.ടി.എ. യും മുൻകൈയ്യെടുക്കേണ്ടതാണ്. സഹവിദ്യാഭ്യാസത്തെക്കുറിച്ച് നാളിതുവരെയുണ്ടായിട്ടുള്ള പഠനങ്ങൾ, സഹവിദ്യാഭ്യാസത്തിലൂടെ പരസ്പര ബഹുമാനവും ലിംഗസമത്വവും ഉറപ്പാക്കാൻ സാധിക്കുമെന്നും, യാഥാസ്ഥിതിക ചിന്തകൾ മാറ്റിയെടുക്കുന്നതിനും പെൺകുട്ടികളോടും സ്ത്രീകളോടും മാന്യമായ പെരുമാറ്റം വളർത്തിയെടുക്കാൻ കഴിയുന്നതിനും അച്ചടക്കത്തോടും ആത്മവിശ്വാസത്തോടും മികച്ച പൗരന്മാരായി വളർന്നുവരാൻ സഹായിക്കുമെന്നും തെളിയിച്ചിട്ടുണ്ട്. രാജ്യത്തേയും ലോകത്തേയും മികച്ച വിദ്യാഭ്യാസ സ്ഥാപനങ്ങളെല്ലാം തന്നെ സഹവിദ്യാഭ്യാസമാണ് പിന്തുടർന്ന് വരുന്നത്. ചുരുക്കത്തിൽ കേരള സംസ്ഥാനത്തെ മുഴുവൻ സ്കൂളുകളിലും സഹവിദ്യാഭ്യാസം നടപ്പിലാക്കാനുള്ള കർമ്മപദ്ധതി തയ്യാറാക്കി നടപ്പിലാക്കേണ്ടത് ഈ കാലഘട്ടത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ആവശ്യകതയാണെന്നും കമ്മീഷൻ നിരീക്ഷിക്കുന്നു. സഹവിദ്യാഭ്യാസം നിഷേധിക്കുന്നത് അന്തർദേശീയവും ദേശീയവുമായ ബാലാവകാശങ്ങളുടേയും ഇന്ത്യൻ ഭരണഘടന ഉറപ്പു വരുത്തുന്ന ലിംഗസമത്വത്തിന്റെയും ലംഘനം കൂടിയാണ്.

16. ആയതിനാൽ 1989-ൽ ഐക്യരാഷ്ട്രസഭ അംഗീകരിച്ച കുട്ടികളുടെ സാർവ്വലൗകിക അവകാശ ഉടമ്പടിയിലെ ആർട്ടിക്കിൾ 29 പ്രകാരവും 2009-ലെ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിനുള്ള കുട്ടികളുടെ അവകാശ നിയമ പ്രകാരവും 2005-ലെ ബാലാവകാശങ്ങൾ സംരക്ഷിക്കുന്നതിന് വേണ്ടിയുള്ള കമ്മീഷനുകൾ നിയമത്തിലെ 15-ാം വകുപ്പ് പ്രകാരവും താഴെ പറയുന്ന ശുപാർശകൾ പുറപ്പെടുവിച്ച് ഇതിനാൽ ഉത്തരവാകുന്നു.

*എ) 2023–2024 അദ്ധ്യയന വർഷം മുതൽ, സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്ന ആൺസ്കൂളുകൾ – പെൺസ്കൂളുകൾ എന്നിവ നിർത്തലാക്കുന്നതിനും എല്ലാ വിദ്യാലയങ്ങളിലും സഹവിദ്യാഭ്യാസം നടപ്പിലാക്കുന്നതിനുമുള്ള കർമ്മ പദ്ധതി ഒന്നും രണ്ടും മൂന്നും എതിർകക്ഷികൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതാണ്.*

*ബി) സഹവിദ്യാഭ്യാസം നടപ്പിലാക്കുന്നതിന് മുന്നോടിയായി പ്രസ്തുത സ്കൂളുകളിലെ ശൗചാലയമടക്കമുള്ള ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും രക്ഷിതാക്കൾക്ക് സഹവിദ്യാഭ്യാസത്തിന്റെ ആവശ്യകതയെ കുറിച്ച് ബോധവൽക്കരണം നടത്തുന്നതിനും ആവശ്യമായ നടപടികൾ ഒന്നും രണ്ടും മൂന്നും എതിർകക്ഷികൾ സ്വീകരിക്കേണ്ടതാണ്.*

കമ്മീഷന്റെ ശുപാർശകളിന്മേൽ 1, 2, 3 എതിർകക്ഷികൾ സ്വീകരിച്ച നടപടികൾ സംബന്ധിച്ച റിപ്പോർട്ട് 2012-ലെ കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ ചട്ടങ്ങളിലെ, ചട്ടം 45 പ്രകാരം ഈ ഉത്തരവ് കൈപ്പറ്റി 90 ദിവസത്തിനകം കമ്മീഷന് സമർപ്പിക്കേണ്ടതാണ്.

(ഒപ്പ്)
**റെനി ആന്റണി**
(മെമ്പർ)

ഉത്തരവിൻ പ്രകാരം

KERALA STATE COMMISSION FOR PROTECTION OF CHILD RIGHTS * THIRUVANANTHAPURAM *

**പി. വി. ഗീത**
രജിസ്ട്രാർ

K/20/07/22